**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1913 01.02.2018 ലെ മറുപടിക്ക്.**

## നോർക്ക റൂട്ട്സ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ : <br> ശ്രീ. കെ. എൻ. എ. ഖാദർ : <br> ശ്രീ. അബ്ദുൽ ഹമീദ്. പി : <br> ശ്രീ. പാറക്കൽ അബ്ദുല്ല : | | ശ്രീ. പിണറായി വിജയൻ <br> **(മുഖ്യമന്ത്രി)** |
| (എ) നോർക്കാ റൂട്ട്സിനെ ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ വിദേശ രാജ്യങ്ങളിലേക്കുള്ള തൊഴിൽ റിക്രൂട്ടിംഗ് ഏജന്റായി പ്രവർത്തിക്കുവാൻ അനുവദി ച്ചിട്ടുണ്ടോ; | (എ) | അനുവദിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ തൊഴിൽ റിക്രൂട്ടിങ് എജന്റായി പ്രവർത്തിക്കുന്നതിന് ഇന്ത്യ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതൊക്കെ രാജ്യങ്ങളിലെ തൊഴിൽ മേഖലകളിലേക്കാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്; | (ബി) | ജി. സി. സി. രാജ്യങ്ങൾ ഉൾപ്പെടെ യൂറോപ്യൻ രാജ്യങ്ങളിലേക്ക് നോർക്ക റൂട്ട്സിന് റിക്രൂട്ട്മെന്റ് നടത്തുന്നതിന് അംഗീകാരമുണ്ട്. ഇപ്പോൾ സൗദി അറേബ്യ, യു. എ. ഇ, ഒമാൻ എന്നീ രാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തി വരുന്നു. |
| (സി) ഇപ്രകാരം തൊഴിൽ തേടുന്നവർക്ക് എന്തെങ്കിലും പരിശീലനം നല്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | വിദേശത്ത് തൊഴിൽ തേടുന്നവർക്ക് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ, സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ് എന്നിവയും ഗാർഹിക തൊഴിലാളി-കൾക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്. |
| (ഡി) പരിശീലനത്തിലൂടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സാധ്യതകൾ ലഭ്യമാക്കാൻ നടപടി സ്വീകരി ക്കുമോ? | (ഡി) | പരിശീലനത്തിലൂടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിച്ച് തൊഴിൽ അന്വേഷകർക്ക് മെച്ചപ്പെട്ട സാധ്യത കൾ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ